(സി) ഈ സാധനങ്ങൾ ലാഭമോ, നഷ്ടമോ കൂടാതെ വിറ്റഴിക്കാനാണ് ഗവണ്മെന്റ് നിർദ്ദേശം കൊടുത്തിരിക്കുന്നത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കൃഷ്ണൻ : ഈ പരിശീലനകേന്ദ്രങ്ങളിൽ നിർമ്മിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഇതുവരെ കെട്ടിക്കിടന്ന സാധനങ്ങൾ ഇനിയും ഉപയോഗിക്കുന്നതിനു കൊള്ളാവുന്നവയാണോ എന്നു പരിശോധിച്ചുനോക്കിയിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഈ ഉത്തരം തന്നിട്ടുള്ളതു 1962 ജൂലൈമാസം വരെ വിറ്റഴിക്കുവാൻ കഴിയാത്ത സാധനങ്ങളെ സംബന്ധിച്ചാണ്. അതിനു ശേഷം ഉൽപ്പാദിപ്പിച്ചിട്ടുള്ളവ വിറ്റഴിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീമതി കുസുമം : പരിശീലനം കിട്ടിയിട്ടുള്ള ആളുകൾക്കു തൊഴിൽ ചെയ്യുന്നതിനു എന്തെങ്കിലും സൗകര്യം ചെയ്തുകൊടുക്കുന്നുണ്ടോ ? പരിശീലനം സിദ്ധിച്ചവരിൽ പലർക്കും യാതൊരു തൊഴിലിലും ഏർപ്പെടുവാൻ കഴിയാതെ വീട്ടിൽ ഇരിക്കേണ്ട പരിതസ്ഥിതി സംജാതമായിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു: ഇത്തരം പരിശീലനം കൊടുക്കുന്ന കാര്യത്തെപ്പറ്റി മാത്രമേ ഇപ്പോൾ വിചാരിക്കുന്നുള്ളൂ. പരിശീലനം സിദ്ധിച്ചവർക്കു സ്വന്തമായി ജോലിചെയ്യാം ; അല്ലെങ്കിൽ വല്ല ഫാക്ടറികളിലും പോയി ജോലി നോക്കാം. അതിനു സഹായകമായ വിധത്തിൽ സർട്ടിഫിക്കറും, ചില സാമ്പത്തിക സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. ഒ. കോരൻ : സഹകരണാടിസ്ഥാനത്തിൽ ഇതിനെ സംഘടിപ്പിച്ചു സാമ്പത്തിക സഹായം ചെയ്തുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഈ സഹകരണസംഘങ്ങൾക്കു പകരം വിദ്യാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ട് ഒരു പ്രൊഡക്ഷൻ സെന്റർ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പുതുതായി അനുവദിക്കുന്ന പ്രൈമറിസ്കൂളുകളും സെക്കൻഡറി സ്കൂളുകളും.

* 329. [17] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി പ്രൈമറിസ്കൂളുകളും സെക്കൻഡറി സ്കൂളുകളും അനുവദിക്കുന്നതു സംബന്ധിച്ചു ഗവണ്മെന്റ് വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് ;

(ബി) സ്കൂൾ അനുവദിക്കാൻ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(സി) ഗവണ്മെന്റ് സ്കൂളുകൾ എവിടെയെങ്കിലും തുടങ്ങുവാൻ ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ഡി) പ്രൈമറി സ്കൂളുകൾ ആരംഭിക്കുവാനുള്ള അവകാശമോ, മുൻഗണനയോ ലോക്കൽബാഡീസിനു നൽകുവാൻ ഉദ്ദേശമുണ്ടോ ;

(ഈ) ഇല്ലെങ്കിൽ അതേപ്പറ്റി ആലോചിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

മി. സ്പീക്കർ : (എ, ബി, സി) ഈ നേരത്തെ ഉത്തരം പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്, (ഡി)ക്കും, (ഈ)ക്കും മാത്രം ഉത്തരം പറഞ്ഞാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : (ഡി ് ഈ) പ്രൈമറി സ്കൂളുകൾ ആരംഭിക്കുവാനുള്ള അവകാശം ലോക്കൽ ബാഡ്ഡീസിനു നൽകുവാൻ ഉദ്ദേശമില്ല. എന്നാൽ ലോക്കൽ ബാഡ്ഡീസിൽ നിന്നും സ്കൂളുകൾ തുടങ്ങുവാൻ കിട്ടുന്ന അപേക്ഷകളും ആലോചിക്കുന്നതാണു്.

പട്ടികജാതിക്കാർക്കു് വീടുവയ്ക്കുന്നതിനു് പരിപാടി.

* 330. [18] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്കു് വീടുവയ്ക്കുന്നതിനു് എന്തെങ്കിലും പരിപാടിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങൾ എന്തെല്ലാം ;

(സി) ഈ വർഷം ഈ പരിപാടിയനുസരിച്ചു് എത്ര വീടുകൾ വയ്പിച്ചു കൊടുത്തു ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഉണ്ടു്.

(ബി) ഭവനരഹിതരായ പട്ടികജാതിക്കാർക്കു് വീടു് പണിയുന്നതിനു് 1,000 രൂപവീതം ഗ്രാൻറു് നാലു് ഗഡുക്കളിലായി കൊടുക്കുന്നതാണു്. ആദ്യത്തെ ഗഡുവു് 200 രൂപയും രണ്ടാമത്തേതു് 500 രൂപയും മൂന്നാമത്തേതു് 200 രൂപയും നാലാമത്തേതു് 100 രൂപയും ആണു്. രണ്ടും മൂന്നും നാലും ഗഡുക്കളിൽ തുക കൊടുക്കുന്നതു് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ സർട്ടിഫിക്കറ്റു് അനുസരിച്ചാണു്. ഗ്രാൻറിനു അർഹരായ ആളുകളെ തെരഞ്ഞെടുക്കുന്നതു് അതാതു ജില്ലാ ഉപദേശകസമിതികളാണു്. ഗ്രാൻറു തുക വാങ്ങുന്നതിനു മുമ്പു് അതിനു് അർഹരായ ആളുകൾ കരാറുകൾ എഴുതി കൊടുക്കേണ്ടതാണു്.

(സി) 400 വീടുകൾ പണിയുന്നതിനു് ഗ്രാൻറു് നൽകാൻ ഉത്തരവായിട്ടുണ്ടു്.

കള്ളഷാപ്പുകളുടെ എണ്ണക്കുറവു്.

* 331. [19] ശ്രീ. ജോർജ് ജോസഫ് പൊടിപ്പാറ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളഷാപ്പുകളുടെ എണ്ണക്കുറവു് ഒന്നുംതന്നെ വ്യക്തമല്ലെന്നുള്ള വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) അടുത്ത ഷാപ്പുലേലത്തിനുമുമ്പു് ഇതു ശരിപ്പെടുത്തുവാൻ വേണ്ട നടപടി എടുക്കുമോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) കള്ളഷാപ്പുകളുടെ എണ്ണക്കുറവു് വ്യക്തമല്ലെന്ന പൊതുവേ പരാതികളില്ല.

(ബി) എല്ലാക്കൊല്ലവും ലേലവിൽപ്പന നോട്ടീസു് പരസ്യപ്പെടുത്തുമ്പോൾ എണ്ണക്കുകളിൽ വല്ല മാറ്റവും വരുത്തേണ്ടതുണ്ടോയെന്നു് പരിശോധിച്ചു വേണ്ട മാറ്റങ്ങൾ വരുത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly